DEPARTMENT OF AGRICULTURE
FARM INFORMATION BUREAU
FARM NEWS

12.07.2019

# കാർഷികമേഖലാവാർത്തകൾ

## ഉദ്ഘാടനം

നബാർഡും കാർഷിക സർവകലാശാലയും സംയുക്തമായി സംഘടിപ്പിച്ച ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ ആണ് കൊട്ടാരക്കര ആസ്ഥാനമായി പ്രവർത്തിക്കുന്ന വേണാട് ഫൗൾട്രിഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി. കോഴിവളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്ക് ആവശ്യമായ എല്ലാ സേവനങ്ങളും ഈ സ്ഥാപനത്തിൽ നിന്നും ലഭിക്കുന്നതാണ്. അത്യുത്പാദന ശേഷിയുള്ള BV 380 മുട്ടക്കോഴികളെ Hi-tech കൂടുകൾ സഹിതം NABARD സബ്സിഡിയോടെ വിതരണം ചെയ്യുകയും അവ ഉൽപ്പാദിപ്പിക്കുന്ന മുട്ട ഹോളോഗ്രാം മുദ്രയോടുകൂടി QR കോഡു ചെയ്തു വിപണനം നടത്തുകയും ചെയ്യുന്നു. ഹോർമോണുകളോ, സ്റ്റീറോയിഡുകളോ, ആന്റി ബയോട്ടിക്കുകളോ ചേർത്തിട്ടില്ലാത്ത ശുദ്ധമായ ബ്രോയിലർ ചിക്കൻ കർഷകരെ കൊണ്ട് വേണാട് ബ്രാൻഡിൽ ഉൽപാദിപ്പിക്കുന്നതാണ് മറ്റൊരു പദ്ധതി, ഇതിന്റെ വിപണനത്തിനായി ആധുനികവും യന്ത്രവത്കൃതവുമായ ബ്രോയിലർ ഡ്രസ്സിംഗ് യൂണിറ്റുകൾ NABARD ന്റെ പൂർണ്ണസബ്സിഡിയോടെ അനുവദിക്കുന്നു. കൂടാതെ

കോഴിവളർത്തൽ കർഷകർക്കാവശ്യമായ കോഴിക്കുഞ്ഞുങ്ങൾ, തീറ്റ പാത്രങ്ങൾ, ഉപകരണങ്ങൾ, മരുന്നുകൾ, വാക്സിനുകൾ എന്നിവ കുറഞ്ഞ നിരക്കിൽ ലഭ്യമാകുന്നു. കർഷകർക്കും ഉപഭോക്താക്കൾക്കും ഒന്നു പോലെ സേവനം എത്തിക്കുന്നതിനുവേണ്ടി നിലമേൽ ആരംഭിക്കുന്ന ഈ സ്ഥാപനത്തിന്റെ ഉദ്ഘാടനം ഇന്ന് രാവിലെ 10 മണിക്ക് നിലമേൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എ.എം റാഫിയുടെ അദ്ധ്യക്ഷതയിൽ ചേരുന്ന യോഗത്തിൽ ചടയമംഗലം എം.എൽ.എ. മുല്ലക്കര രത്നാകരൻ നിർവ്വഹിക്കുന്നു.

## പരിശീലനം

ഇടുക്കി ജില്ലയിലെ വാഗമൺ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ തൊടുപുഴ പി.ഡബ്ല്യു.ഡി റെസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിൽ വച്ച് ഈ മാസം 16 ന് ശാസ്ത്രീയ രീതിയിലുള്ള **കാടവളർത്തലിലും പൗൾട്രി സ്റ്റാർട്ടപ് സംരംഭങ്ങളും** എന്ന വിഷയത്തിൽ കർഷകർക്ക് സൗജന്യ പരിശീലനം നടത്തുന്നു. പരിശീലന പരിപാടിയിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നമ്പർ 9447979697, 7907867453

## കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ്

കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത സാമ്പത്തിക സഹായത്തോടെ മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ്പിന്റെ അടുത്ത ഘട്ടം കേരളത്തിലെ 14 ജില്ലകളിലും ജൂലൈ 17 മുതൽ ആഗസ്റ്റ് 12 വരെ

നടത്തുകയാണ്. എല്ലാകർഷകരും നിർബന്ധമായും അവരുടെ പശു, എരുമ, പന്നി എന്നിവയ്ക്കാണ് പ്രതിരോധ കുത്തിവയ്പ്പ് നൽകേണ്ടതാണ്. പ്രതിരോധ കുത്തിവയ്പ്പിന് 10/- കർഷകൻ നൽകണം. മൃഗങ്ങളിലെ സാംക്രമിക രോഗപ്രതിരോധവും നിയന്ത്രണവും ആക്ട് 2009 പ്രകാരം പ്രതിരോധ കുത്തിവയ്പ്പ് നിർബന്ധമാക്കിയിട്ടുണ്ട്. കന്നുകാലികളുടെ ഇൻഷുറൻസ് പരിരക്ഷയ്ക്ക് പ്രതിരോധ കുത്തിവയ്പ്പ് നിർബന്ധമാണ്. മൃഗസംരക്ഷണ വകുപ്പിലെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിലുള്ള വാക്സിനേഷൻ സ്ക്വാഡുകൾ കർഷക ഭവനം സന്ദർശിച്ച് കന്നുകാലികളെ പ്രതിരോധ കുത്തിവയ്പ്പിന് വിധേയമാക്കുന്നതാണ്. കർഷകർ തൊട്ടടുത്ത മൃഗാശുപത്രിയുമായി ബന്ധപ്പെട്ട് പ്രതിരോധ കുത്തിവയ്പ്പ് തീവ്രയജ്ഞപരിപാടി സമയത്ത് തന്നെ പ്രതിരോധ കുത്തിവയ്പ്പ് ഉറപ്പാക്കുവാൻ ശ്രദ്ധിക്കണം.

## തെങ്ങിൻ തൈകൾ, കുരമുളക് തൈകൾ എന്നിവ പത്തനംതിട്ട കൃഷി വിജ്ഞാന കേന്ദ്രത്തിൽ ബുക്ക് ചെയ്യാം

കാറ്റുവീഴ്ച പ്രതിരോധ ശേഷിയുള്ള വെസ്റ്റ് കോസ്റ്റ് ടോൾ, കുറിയ ഇനങ്ങളായ ചാവക്കാട് ഓറഞ്ച്, ചാവക്കാട് പച്ച എന്നിവയുടെ തെങ്ങിൻ തൈകളും ദ്രുതവാട്ട പ്രതിരോധ ശേഷിയുള്ള ഐ.ഐഎസ്ആർ-ശക്തി, ഐ.ഐഎസ്ആർ-തേവം, പന്നിയൂർ 8, വിജയ് ഇനങ്ങളും പന്നിയൂർ 5, ശ്രീകര, ശുഭകര, പഞ്ചമി, പൗർണ്ണമി, കരിമുണ്ട എന്നീ ഇനത്തിലുള്ള കുരുമുളകിന്റെ ലെയർ ചെയ്ത തൈകളും പത്തനംതിട്ട ജില്ല ഐ.സി.എ.ആർ കൃഷി വിജ്ഞാന കേന്ദ്രം, കാർഡിൽ വില്പനയ്ക്ക് തയ്യാറാകുന്നു. ആവശ്യമുള്ളവർ ജൂലെ 15ന് മുമ്പായി

പത്തനംതിട്ട ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിൽ നേരിട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

## റബ്ബർതോട്ടങ്ങൾ ഏറ്റെടുക്കലിന് ഉടനെ തുടക്കം

വിളവെടുപ്പ് മുടങ്ങിക്കിടക്കുന്ന തോട്ടങ്ങൾ ഏറ്റെടുത്ത് പരിപാലനവും ടാപ്പിങ്ങും നടത്തുന്നതിനുള്ള ഒരു സംവിധാനം റബ്ബർബോർഡ് കമ്പനികളും റബ്ബറുത്പാദകസംഘങ്ങളും മുൻകൈ എടുത്ത് ആരംഭിക്കുകയാണ്. പരിപാലനത്തിനും വിളവെടുപ്പിനും കൂട്ടായ ഏർപ്പാടുകൾ ഒരുക്കി ചെലവു കുറച്ച് ഉത്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ പരിപാടി നടത്തുന്നത്. റബ്ബറിന്റെ വില താഴ്ന്ന നിലവാരത്തിൽ തുടരുകയും കൃഷിച്ചെലവ് കൂടുകയും അതേസമയം വിദഗ്ദ്ധരായ ടാപ്പർമാരുടെ ലഭ്യത കുറയുകയും ചെയ്യുന്ന സാഹചര്യത്തിൽ കുറെ തോട്ടങ്ങളിൽ ഇപ്പോൾ വിളവെടുപ്പ് നടക്കുന്നില്ല എന്നത് റബ്ബർബോർഡിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഉടമസ്ഥർ സ്ഥലത്തില്ലാത്തതിനാലും ചില തോട്ടങ്ങൾ ടാപ്പുചെയ്യുന്നില്ല. ഇതുമൂലം കാര്യമായ ഉത്പാദനനഷ്ടം ഉണ്ടാകുന്നുണ്ട്. ഇത്തരത്തിലുള്ള തോട്ടങ്ങൾ കണ്ടെത്തി വിളവെടുപ്പ് നടത്തുന്നതിലൂടെ ആഭ്യന്തരോത്പാദനം വർദ്ധിപ്പിച്ച് ഇറക്കുമതി കുറയ്ക്കുന്നതിനുള്ള സാഹചര്യം ഒരുക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. റബ്ബറിന്റെ പരിപാലനം, വിളവെടുപ്പ്, സംസ്കരണം, വിപണനം തുടങ്ങിയവയിലെ ചെലവുകൾ കുറയ്ക്കുന്നതിന് ചെറുകിടകർഷകർക്ക് പരിമിതികളുണ്ട്. എന്നാൽ, കാർഷികവസ്തുക്കളുടെ കൂട്ടായ സംഭരണം, യന്ത്രവത്കരണം, തൊഴിലാളികളെ ഫലപ്രദമായി ഉപയോഗപ്പെടുത്തൽ, ഗുണമേന്മാപാലനം,

വിപണിയിലെ വിലപേശൽ തുടങ്ങിയവയിലൂടെ ചെലവു കുറച്ച് കൃഷി ലാഭകരമാക്കാൻ റബ്ബർബോർഡ് കമ്പനികളുടെ ഇടപെടൽ സഹായിക്കും. അടിസ്ഥാനസൗകര്യങ്ങളുള്ള റബ്ബറുത്പാദകസംഘങ്ങൾക്കും തോട്ടങ്ങൾ ഏറ്റെടുക്കൽ പരിപാടി നടപ്പാക്കാൻ കഴിയും. തോട്ടങ്ങളുടെ പരിപാലനം, വിളവെടുപ്പ്, വിപണനം എന്നിവ ഏറ്റെടുക്കുന്ന കമ്പനികളുമായി കർഷകർക്ക് ഇവ നടപ്പാക്കുന്നതു സംബന്ധിച്ച് വ്യവസ്ഥ ഉണ്ടാക്കാം. വളർച്ചയെത്തിയ മരങ്ങളാണെങ്കിൽ കമ്പനിയുടെ മേൽനോട്ടത്തിൽ വിദഗ്ധരായ ടാപ്പർമാരെ ഉപയോഗിച്ച് വിളവെടുപ്പും വിപണനവും നടത്തുകയും അതിന് ആവശ്യമായി വരുന്ന ചെലവുകൾ കഴിച്ച് ബാക്കി തുക കർഷകർക്ക് നൽകുകയും ചെയ്യും. റബ്ബർകൃഷിയുമായി ബന്ധപ്പെട്ട മറ്റു ജോലികളും ഇതേ രീതിയിൽ തന്നെയായിരിക്കും കമ്പനികൾ ഏറ്റെടുക്കുക. ഈ പരിപാടിയെക്കുറിച്ചും അതിന് തയ്യാറുള്ള കമ്പനികളെക്കുറിച്ചുമുള്ള കൂടുതൽ വിവരങ്ങൾ റബ്ബർബോർഡിന്റെ റീജിയണൽ ഓഫീസുകളിൽനിന്ന് ലഭ്യമാണ്.